**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4627** **19-03-2025 - ൽ മറുപടിയ്ക്ക്**

**വന്യമൃഗ ആക്രമണം പ്രതിരോധിക്കാൻ സോളാർ വേലികളും കിടങ്ങുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജനവാസമേഖലയോട് ചേർന്നുകിടക്കുന്ന വനമേഖലയിൽ നിന്നും വന്യമൃഗങ്ങൾ കടന്നുവന്നു നാശം വിതയ്ക്കുന്നത് പതിവായ സാഹചര്യത്തിൽ, അത് തടയുന്നതിനായി സോളാർ വേലികളോ കിടങ്ങുകളോ നിർമ്മിക്കാൻ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിനായി നിലവിലുള്ള പദ്ധതികളും അതിന്റെ നടപടിക്രമങ്ങളും അറിയിക്കുമോ? | (എ) | സംസ്ഥാനത്ത് ജനവാസമേഖലയിലെ ചേർന്നുകിടക്കുന്ന വനമേഖലയിൽ നിന്നും വന്യമൃഗങ്ങൾ കടന്നുവരുന്നത് തടയുന്നതിനായി സോളാർ വേലികളും കിടങ്ങുകളും ലഭ്യമായ ഫണ്ട് ഉപയോഗിച്ച് നിർമിച്ച് വരുന്നുണ്ട്. കൂടാതെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ചുവടെ ചേർക്കുന്ന ഫണ്ടുകളും ഉപയോഗിക്കുന്നുണ്ട്.<br>കിഫ്ബി ഫണ്ട് ഉപയോഗിച്ച് സോളാർ ഫെൻസിങ്, ആന പ്രതിരോധ മതിൽ, റെയിൽ ഫെൻസ് എന്നീ പ്രതിരോധ പ്രവർത്തികൾ വിവിധ വനം ഡിവിഷനുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നോർത്ത് വയനാട് ഡിവിഷനിൽ 4.68 കി.മീ (4 കി.മീ. പൂർത്തീകരിച്ചിട്ടുണ്ട്), സൗത്ത് വയനാട് ഡിവിഷനിൽ 11.32 കി.മീ. (4.5 കി.മീ. പൂർത്തീകരിച്ചിട്ടുണ്ട്) ക്രാഷ് ഗാർഡ് സ്റ്റീൽ റോപ്പ് ഫെൻസ് പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. കൂടാതെ നോർത്ത് വയനാട്, സൗത്ത് വയനാട്, വയനാട് വൈൽഡ്‌ലൈഫ്, നിലമ്പൂർ (സൗത്ത്) എന്നീ ഡിവിഷനുകളിലായി 142 കി.മീ. സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും പ്രസ്തുത പ്രവർത്തികൾ നടപ്പിലാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്.<br>സംസ്ഥാനത്ത് ജനവാസമേഖലയോട് ചേർന്നുകിടക്കുന്ന വനമേഖലയിൽ നിന്നും വന്യമൃഗങ്ങൾ കടന്നുവന്നു നാശം വിതയ്ക്കുന്നത് പതിവായ സാഹചര്യത്തിൽ, അത് തടയുന്നതിനായി സോളാർ വേലികൾ, കിടങ്ങുകൾ എന്നിവ നിർമ്മിക്കുന്നതിന് നബാർഡ് ആർ.ഐ.ഡി.എഫ്-ൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>കേരള വനം വകുപ്പ് മേൽപ്പറഞ്ഞ പ്രവൃത്തികൾക്കായി വിശദമായ പ്രോജക്റ്റ് പ്രൊപ്പോസലുകൾ തയ്യാറാക്കി സംസ്ഥാന സർക്കാർ മുഖാന്തിരം നബാർഡിന് സമർപ്പിക്കുകയും, നബാർഡ് അംഗീകരിക്കുന്ന പദ്ധതി- |

കൾ സർക്കാർ അനുവാദത്തോടെ പദ്ധതി പ്രവർത്തനത്തിന് നിലവിലുള്ള നിബന്ധനകൾ പാലിച്ച് നടപ്പിലാക്കിയും വരുന്നു.

സർക്കാർ അംഗീകാരം നൽകി നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

**നബാർഡ് ട്രാഞ്ച് 28**

ഈസ്റ്റേൺ സർക്കിളിന് കീഴിൽ വരുന്ന നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത്, മണ്ണാർക്കാട്, പാലക്കാട്, നെന്മാറ എന്നീ വനം ഡിവിഷനുകളിൽ 586.11 ലക്ഷം രൂപ ചെലവിൽ 101.50 കി.മീറ്റർ സൗരോർജ്ജ തൂക്കു വേലിയുടെ നിർമ്മാണം.

**നബാർഡ് ട്രാഞ്ച് 29**

സെൻട്രൽ സർക്കിളിന് കീഴിൽ വരുന്ന ചാലക്കുടി, വാഴച്ചാൽ, മലയാറ്റൂർ എന്നീ വനം ഡിവിഷനുകളിൽ 1344.69 ലക്ഷം രൂപ ചെലവിൽ 108 കി.മീറ്റർ സൗരോർജ്ജ തൂക്കുവേലിയുടെ നിർമ്മാണം.

ഹൈറേഞ്ച് സർക്കിളിന് കീഴിൽ വരുന്ന കോട്ടയം, മൂന്നാർ, മറയൂർ, മാങ്കുളം എന്നീ വനം ഡിവിഷനുകളിൽ 1410.49 ലക്ഷം രൂപ ചെലവിൽ 116.29 കി.മീറ്റർ സൗരോർജ്ജ തൂക്കുവേലി, 14.30 കി.മീറ്റർ ആന പ്രതിരോധ കിടങ്ങ് എന്നിവയുടെ നിർമ്മാണം.ഈസ്റ്റേൺ സർക്കിളിന് കീഴിൽ വരുന്ന മണ്ണാർക്കാട്, പാലക്കാട്, നെന്മാറ എന്നീ വനം ഡിവിഷനുകളിൽ 1054.68 ലക്ഷം രൂപ ചെലവിൽ 136 കി.മീറ്റർ സൗരോർജ്ജ തൂക്കുവേലിയുടെ നിർമ്മാണം.

നോർത്തേൺ സർക്കിളിന് കീഴിൽ വരുന്ന കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, സൗത്ത് വയനാട് എന്നീ വനം ഡിവിഷനുകളിൽ 1159.67 ലക്ഷം രൂപ ചെലവിൽ146.80 കി. മീറ്റർ സൗരോർജ്ജ തൂക്കുവേലിയുടെ നിർമ്മാണം.

സതേൺ സർക്കിളിന് കീഴിൽ വരുന്ന തിരുവനന്തപുരം, തെന്മല, അച്ചൻകോവിൽ, പുനലൂർ, കോന്നി, റാന്നി എന്നീ വനം ഡിവിഷനു കളിൽ 1233.49 ലക്ഷം രൂപ ചെലവിൽ 49.70 കി.മീറ്റർ സൗരോർജ്ജ തൂക്കുവേലി, 89.05 കി.മീറ്റർ സൗരോർജ്ജ വേലി, 40.10 കി.മീറ്റർ ആന പ്രതിരോധ കിടങ്ങ് എന്നിവയുടെ നിർമ്മാണം.

**നബാർഡ് ട്രാഞ്ച് 30**

ഫീൽഡ് ഡയറക്ടർ, കോട്ടയത്തിന് കീഴിൽ വരുന്ന മൂന്നാർ വൈൽഡ്‌ലൈഫ്, ഇടുക്കി വൈൽഡ്‌ലൈഫ്, പെരിയാർ ഈസ്റ്റ്, പെരിയാർ വെസ്റ്റ് എന്നീ വനം ഡിവിഷനുകളിൽ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനും ആവാസവ്യവസ്ഥ പരിപാലന

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ, വിവിധ പ്രതിരോധ മാർഗ്ഗങ്ങൾ, ആർ.ആർ.റ്റി യുടെ ശാക്തീകരണം എന്നിങ്ങനെയുള്ള പ്രവൃത്തികൾക്കായി അംഗീകരിച്ചിട്ടുള്ള 1319.249 ലക്ഷം രൂപയുടെ പദ്ധതിയിൽ 77.20 കി.മീറ്റർ സൗരോർജ്ജ തൂക്കു വേലി, 24.27 കി.മീറ്റർ ആന പ്രതിരോധ കിടങ്ങ് എന്നിവയുടെ നിർമ്മാണം/ നവീകരണ പ്രവൃത്തികൾ ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ